**<u>14 -ാം കേരള നിയമസഭ</u>**

**<u>22 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1462</u>** **<u>18-01-2021 - ൽ മറുപടിയ്ക്ക്</u>**

**<u>മത്സ്യലേലം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം. രാജഗോപാലൻ | | Smt. J. Mercykutty Amma<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) | |
| (എ) | മത്സ്യബന്ധന തുറമുഖങ്ങളിലെ മത്സ്യലേലവും അനുബന്ധ നടപടിക്രമങ്ങളും മറ്റും വകുപ്പ്, സംഘങ്ങൾ എന്നിവയുടെ നിയന്ത്രണത്തിലാക്കുന്ന നടപടിയും കുറ്റമറ്റരീതിയിൽ കാര്യക്ഷമമായി ഇടനിലക്കാരില്ലാതെ മത്സ്യം വിതരണം ചെയ്യാനുള്ള നടപടിയും നിലവിൽ ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ; വിശദമാക്കുമോ? | (എ) | കടലിൽ നിന്ന് പിടിച്ചെടുക്കുന്ന മത്സ്യത്തിന് ന്യായവില ഉറപ്പാക്കി ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും ഒഴിവാക്കുന്നതിനും മത്സ്യലേലവും വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വ പൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും ഗുണനിലവാരം പരിപാലിക്കുന്നതിനും അവയുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റു കാര്യങ്ങൾക്കു വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ഓർഡിനൻസ് 23.09.2020 ന് പുറപ്പെടുവിച്ചിട്ടുണ്ട്. നിയമം നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ രൂപീകരിച്ചു വരികയാണ്. പ്രധാന മത്സ്യബന്ധന തുറമുഖങ്ങളിൽ ജില്ലാകളക്ടർ അദ്ധ്യക്ഷനും ജില്ലാ ഫിഷറീസ് ഡയറക്ടർ സെക്രട്ടറിയും ആയി അംഗീകൃത ട്രേഡ് യൂണിയനുകളുടെ പ്രതിനിധികൾ ബന്ധപ്പെട്ട മറ്റു വകുപ്പുകൾ, മത്സ്യഫെഡ് എന്നിവയുടെ ജില്ലാ ആഫീസർ മുതലായവരെല്ലാം ഉൾപ്പെടുന്ന ഹാർബർ മാനേജ് മെന്റ് സൊസൈറ്റികൾ രൂപീകരിക്കുകയും പ്രവർത്തി ക്കുകയും ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ